കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:- dotsr.ksad@kerala.gov.im

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1689/2017

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
Ph.No. 0487 – 2331249
e-mail.id : dotsr.ksad@kerala.gov.in
തിയ്യതി: 24.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, ഭാഗം 3ലെ 3-1, 3-8 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1689/17 തിയ്യതി 24.11.2017

<u>തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2.12.16 മുതൽ 12-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.03.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.10.2017 മുതൽ<br>12.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷാജിത.കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽകുമാർ.കെ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ധന്യ സുരേന്ദ്രൻ.എ.,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി. ബൈന പ്രദീപ് | 1-4-2016 മുതൽ 31.03.2017 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|

| | |
|---|---|
| പി.വൈ സാജിത | 1.4.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ആശ. കെ.എസ് | 01.4.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. സ്റ്റെഫി ജോർജ്ജ് | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹെജി ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ഗവ: ആയുർവ്വേദ ഡിസ്പെൻസറി | കെ.ആർ.ബീന | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | എം.എച്ച്. മുഹമ്മദ് ഇസ്മയിൽ | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ. (എടത്തിരുത്തി) | സുമേഷ്.എസ്.ആർ. | 01.04.2016 മുതൽ 28.09.2016 വരെ |
| | പ്രജിത പ്രകാശ് | 29.09.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ (ചെന്ത്രാപ്പിന്നി) | ദിവ്യ. ടി. ശങ്കർ | 04.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സലോമി. കെ.വി. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.എൻ.കെ.സന്തോഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത്. ഇ.എം. | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | പ്രകാശൻ. പി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി. സ്കൂൾ, ചെന്ത്രാപ്പിന്നി | സുഷമ. പി.വി. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ. മൂണി | 01.04.2016 മുതൽ 26.09.2016വരെ |
| | ഷിനിൽ.സി.എൻ. | 27.09.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഇൻഡ്യൻഫാം ആയുർവ്വേദ ഔഷധശാല-അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-1 |
| 13 | മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-2 |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിൽ സ്വിമ്മിംഗ് പൂൾ ഉൾപ്പെടുത്തിയില്ല | 2-3 |

| | | |
|---|---|---|
| 15 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. | 2-4 |
| 16 | ഡി.ആന്റ്.ഒ. ലൈസൻസ് അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 17 | ഫണ്ട് വിനിയോഗം-തൻവർഷം ചെലവഴിക്കാതെ ലാപ്സാക്കിയത് 1,47,31,701/-രൂപ. | 3-1 |
| 18 | വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണപത്രം എന്നിവ ഹാജരാക്കിയിട്ടില്ല -ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 3-3 |
| 20 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ-ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി | 3-4 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽനിന്ന് ഒഴിവായ ഗുണഭോക്താവിന്റെ വിഹിതം തിരികെ ലഭ്യമാക്കേണ്ടതാണ്. | 3-5 |
| 22 | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-6 |
| 23 | പൊതുടാപ്പ്-സംയുക്ത പരിശോധന ഫലവത്തായില്ല | 3-7 |
| 24 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-8 |
| 25 | മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-9 |
| 26 | PMAY/IAY വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല | 3-10 |
| 27 | ആശ്രയ ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-11 |
| 28 | ഗാർഹിക ഉറവിട മാലിന്യ സംസ്കരണം (പ്രൊജക്ട് നം.120/17) -പദ്ധതി പൂർത്തികരിച്ചില്ല | 3-12 |
| 29 | വിനിയോഗശേഷം തിരികെ ലഭ്യമായ തുക ട്രഷറിയിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-13 |
| 30 | ആശ്രയ എസ്.സി. ഫ്ലാറ്റ് – ലക്ഷ്യം പൂർത്തീകരിച്ചില്ല. | 3-14 |
| 31 | ആശ്രയ-അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചിരിക്കുന്നത് 15,52806/- | 3-15 |
| 32 | തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത അംഗൻവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-16 |
| 33 | കെട്ടിട പെർമിറ്റ് - ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-17 |
| 34 | ട്രഷറി ബിൽ ബുക്ക് പ്രകാരം ചെലവുവന്ന തുക ചെലവു പത്രികയിൽ വന്നിട്ടില്ല - ട്രഷറിയിൽനിന്നും Non-Payment സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. | 3-18 |

| | | |
|---|---|---|
| 35 | പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ - സമഗ്ര വികസനമെന്ന പൊതു സമീപനത്തിന്റെ അഭാവം. | 3-19 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | ഓഡിറ്റ് റിക്കവറി | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 44 | അനുബന്ധം -1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 8.3.2016 തിയ്യതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 158677288/- രൂപയും, ചെലവ്158518319/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 06.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

അപാകതകൾ

1.നാളിതുവരെയുള്ള ആസ്തി, ബാധ്യതകൾ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2.ബാലൻസ് ഷീറ്റിലെ (ഷെഡ്യൂൾ B-18) തുകകൾ സംബന്ധിച്ച് കൃത്യതയില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ഡെപ്പോസിറ്റ്, വിനിയോഗസാക്ഷ്യപത്രം ലഭിച്ചവ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4.ജി.ഒ.(എം.എസ്.) നം.152/11/lsgd തിയതി 26.11.11 അക്കൗണ്ടിംഗ് പോളിസീസ് പ്രകാരം പിരിഞ്ഞു കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീപ്റ്റ് &

പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 13413298.30
വരവ് – 52828357.00
ആകെ – 66241655.30
ചെലവ് – 47411990.00
നീക്കിയിരിപ്പ് – 18829665.30

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | അസാധുവായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 11443139 | 9866023 | 1577116 | 86.21 |
| വികസനഫണ്ട് എസ്.സി.പി. | 9263580 | 9263580 | 0 | 100 |
| ധനകാര്യകമ്മീഷൻ അവാർഡ് | 6417359 | 4412638 | 2004721 | 68.76 |
| ലോകബാങ്ക് ധനസഹായം | 3742764 | 3201832 | 540932 | 85.54 |
| റോഡിതര സംരക്ഷണഗ്രാന്റ് | 3113055 | 2319560 | 793495 | 74.51 |
| റോഡ് സംരക്ഷണഗ്രാന്റ് | 10720056 | 912464 | 9807592 | 8.5 |
| വികസനഫണ്ട് ടി.എസ്.പി. | 7845 | --- | 7845 | 0 |
| ആകെ | 44707798 | 29976097 | 1,47,31701 | 67.04 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 55303532 | 90 | 33366143 | 22 | 37 | 60% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3964248 | 6423987 | 2459739 | (+)62.04 |
| നികുതിയേതര വരവുകൾ | 521724 | 801348 | 279624 | (+)53.59 |
| മറ്റു വരവുകൾ | 362965 | 455832 | 92867 | (+)25.58 |
| ആകെ | 4848937 | 7681167 | 2832230 | (+)58.40 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.17 തിയതിയിൽ 3.30 P.Mന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 34091/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63360 | 37 |
| കർഷകത്തൊഴിലാളി പെൻഷൻ | 2894110 | 322 |
| വിധവാപെൻഷൻ | 14240080 | 1448 |
| വാർദ്ധക്യകാല പെൻഷൻ | 20249130 | 2008 |
| വികലാംഗ പെൻഷൻ | 2772205 | 285 |
| അവിവാഹിത പെൻഷൻ | 812260 | 83 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-10 ആഭ്യന്തരനിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ച് കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

2. 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ അനുസരിച്ച് ഫാമുകൾക്ക് ലൈസൻസ് നൽകുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.08.2017 | ജൂലൈ 2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2011 മുതൽ 05.02.2011 വരെ | 2005-06 to 2009-2010 | 04.03.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇൻഡ്യൻ ഫാം ആയുർവ്വേദ ഔഷധശാല-അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ വിവരാവകാശ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരാവകാശത്തിന് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

| അപേക്ഷ നം./തിയതി | അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരം | വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടി |
|---|---|---|
| A8-8568/16/ 18.10.16 | ഇന്ത്യൻഫാം ആയുർവ്വേദ ഔഷധ നിർമ്മാണശാലയുടെ പുതിയ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് | പെർമിറ്റ് നൽകിയിട്ടില്ല |

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.2)യ്ക്ക് പുതിയ കെട്ടിടത്തിന് സമർപ്പിച്ച പെർമിറ്റിനുള്ള അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ പുതുക്കി സമർപ്പിക്കുന്നതിന്

അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. അനധികൃതമായി നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്ന പക്ഷം 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന കെട്ടിട നമ്പറുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 2013-14 മുതൽ മേൽ ടവറുകളുടെ വസ്തുനികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും 2013-14 മുതലുള്ള കുടിശ്ശിക തുക സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| കെട്ടിടനം | വാർഷിക വസ്തു നികുതി |
|---|---|
| 10/63A | 7041 |
| 9/364A | 7589 |
| 8/353A | 5775 |
| 10/290A | 8064 |
| 8/107A | 8400 |

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം കിട്ടാനുള്ള തുകകളുടെ കാലഹരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. ആയതു പ്രകാരം സെക്ഷൻ 244(3) പ്രകാരം കിട്ടാനുള്ള തുക കാലഹരണപ്പെട്ടത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് കാണപ്പെട്ടാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ആയതിനാൽ മൊബൈൽ ടവറുകളുടെ കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയിച്ചതിൽ സ്വിമ്മിംഗ് പൂൾ ഉൾപ്പെടുത്തിയില്ല

2016-17 സാമ്പത്തിക വർഷം 20.12.16 തിയ്യതിയിൽ ശ്രീ.ആന്റണി ജോൺ, താടിക്കാരൻ എന്നവരുടെ വാസഗൃഹത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. (കെട്ടിട നം.3/564B,C,D,)

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ)ചട്ടം 3(3) പ്രകാരം വസ്തുനികുതി കണക്കാക്കുന്നതിന് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരിഗണിക്കുമ്പോൾ സ്വിമ്മിംഗ് പൂളിന്റെ തറവിസ്തീർണ്ണം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മേല്പറഞ്ഞ വസ്തുനികുതി നിർണ്ണയത്തിൽ സ്വിമ്മിംഗ് പൂൾ ഉൾപ്പെടുത്തിയിട്ടില്ല. സ്വിമ്മിംഗ് പൂളിന്റെ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

എടത്തിരുത്തി പഞ്ചായത്തിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ജയ ഫുഡ് പ്രോഡക്ട്സ് | 1,2 |
| 2 | ബി.എസ്.എൻ.എൽ. | 1,2 |

മേൽ പറഞ്ഞതിൽ ജയ ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ലാത്തതാണ്.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.10) 15/07/16,15/2/17 എന്നീ തിയ്യതികളിൽ നികുതി അടക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥാനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും വീഴ്ച വരുത്തിയതിനാൽ നീണ്ടും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഡി.ആന്റ്.ഒ. ലൈസൻസ് അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ 5300/- രൂപയും 2016-17 വർഷത്തിൽ 8500/- രൂപയും കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് 232-ാം വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യത ഉണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം-തൻവർഷം ചെലവഴിക്കാതെ ലാപ്സാക്കിയത് 1,47,31,701/-രൂപ.

2016-17 വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും അസാധുവായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | അസാധുവായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 11443139 | 9866023 | 1577116 | 86.21 |
| വികസനഫണ്ട് എസ്.സി.പി. | 9263580 | 9263580 | 0 | 100 |
| ധനകാര്യകമ്മീഷൻ അവാർഡ് | 6417359 | 4412638 | 2004721 | 68.76 |
| ലോകബാങ്ക് ധനസഹായം | 3742764 | 3201832 | 540932 | 85.54 |
| റോഡിതര സംരക്ഷണഗ്രാന്റ് | 3113055 | 2319560 | 793495 | 74.51 |
| റോഡ് സംരക്ഷണഗ്രാന്റ് | 10720056 | 912464 | 9807592 | 8.5 |
| വികസനഫണ്ട് ടി.എസ്.പി. | 7845 | --- | 7845 | 0 |
| ആകെ | 44707798 | 29976097 | 1,47,31701 | 67.04 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 1 കോടി 47ലക്ഷം രൂപ തൻവർഷം ഗ്രാമപഞ്ചായത്ത് അസാധുവാക്കിയിട്ടുണ്ട്. വികസനഫണ്ട് (എസ്.സി.പി) മാത്രമാണ് 100% വിനിയോഗിച്ചത്. റോഡ് സംരക്ഷണഗ്രാന്റ് ഫണ്ടിന്റെ വിനിയോഗം വെറും 8.5% മാത്രമാണ്. തൻവർഷം ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിരുന്നുവെങ്കിൽ 2017-18ൽ സ്പിൽ ഓവർ പദ്ധതികളായി 2016-17ലെ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടിവരികയില്ലായിരുന്നു. കൂടാതെ 2016-17,2017-18 സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ പ്രവൃത്തികളും 2017-18ൽ പൂർത്തീകരിക്കാൻ സാധ്യമാകും വിധം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടിവരുന്ന സ്ഥിതിവിശേഷവും ഒഴിവാക്കാമായിരുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 വിനിയോഗസാക്ഷ്യപത്രം,പ്രവൃത്തി പൂർത്തീകരണപത്രം എന്നിവ ഹാജരാക്കിയിട്ടില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പ്രൊജക്ട് | ട്രഷറിബിൽ നം | തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 117/17 | വാർഡ് 4, 6, 14 എന്നിവയിൽ പൈപ്പ് ലൈൻ ഇടലും, പൊതുടാപ്പ് മാറ്റി സ്ഥാപിക്കലും | വൗച്ചർ നം. 21600777/2.2.17 | 61000 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 107/17 | ഇ.കെ.സി. റോഡ് മുതൽ തേവർ റോഡ് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 25/20.12.16 | 25000 | കേരള വാട്ടർ അതോറിറ്റി |
| 12/17 | സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്ക് പൈപ്പ് ലൈൻ കുടിവെള്ള കണക്ഷൻ നൽകൽ | 26/23.12.16 | 37000 | കേരള വാട്ടർ അതോറിറ്റി |
| 113/17 | വാർഡ് 4, 14 എന്നിവയിൽ പൈപ്പ് ലൈൻ ഇടലും, പൊതുടാപ്പ് സ്ഥാപിക്കലും | 24/23.12.16 | 115000 | കേരള വാട്ടർ അതോറിറ്റി |
| 161/17 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പൊതുടാപ്പ് സ്ഥാപിക്കലും | 73/30.3.17 | 135000 | കേരള വാട്ടർ അതോറിറ്റി |
| 133/17 | 4-ാം നമ്പർ അംഗൻവാടി കുടിവെള്ള കണക്ഷൻ | 60/21.3.17 | 32000 | കേരള വാട്ടർ അതോറിറ്റി |
| 146/17 | 14-ാം നമ്പർ അംഗൻവാടി കുടിവെള്ള കണക്ഷൻ | 61/21.3.17 | 20000 | കേരള വാട്ടർ അതോറിറ്റി |
| 144/17 | സ്ട്രീറ്റ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 64/15.3.17<br>72/30.3.17<br>52/21.3.17 | 1972690 | കെ.എസ്.ഇ.ബി. |
| 134/17 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് | 63/21.3.17 | 63600 | കെ.എസ്.ഇ.ബി |
| 162/17 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 66/25.3.17<br>59/21.3.17 | 44319 | കെ.എസ്.ഇ.ബി. |
| 38/17 | കേരളസാമൂഹ്യ സുരക്ഷ മിഷൻ | 29/27.12.16 | 476444 | കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവുതുക 2982053/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 3/09.10.17)

# 3-3 കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് കരാർ ഏറ്റെടുത്ത ശ്രീ.വിശ്വംഭരൻ, താഴത്തുപുരക്കൽ എന്നവർക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം | ട്രഷറിബിൽ നം | തുക |
|---|---|---|
| 2/17 | 12/24.10.16 | 36048 |
| 84/17 | 34/6.2.17 | 62810 |
| | ആകെ | 98858 |

ആദായനികുതി ആക്ട് സെക്ഷൻ 194(സി) പ്രകാരം പ്രതിവർഷം 30000/- രൂപയ്ക്ക് മുതലുള്ള ഓരോ കരാറിനും 1% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ആയതു പ്രകാരം കരാറിനത്തിൽ നൽകിയ തുകയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-4 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ-ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി

പ്രൊജക്ട് നം – 6/17

നിർവ്വഹണം – സെക്രട്ടറി

തനത് ഫണ്ട് – 91830/-

എടത്തിരുത്തി ഗ്രാമപഞ്ചായത്ത് അങ്കണവാടി നം.28 ന് 3 സെന്റ് സ്ഥലം നൽകിയതിന് ശ്രീമതി.ഷിജി പുളിപറമ്പിൽ എന്നവർക്ക് ഡിഡി.നം.355774/22.9.16 പ്രകാരം 82580/- രൂപ നൽകിയിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ മേൽ സ്ഥലം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി. (ഓഡിറ്റ് എൻക്വയറി നം. 14/10.10.17). എന്നാൽ ജമ/തണ്ടപ്പേര് മാറ്റൽ, ഭൂനികുതി ഒടുക്കി ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കൽ തുടങ്ങിയവരുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞവ ഹാജരാക്കേണ്ടതാണ്.

# 3-5 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽനിന്ന് ഒഴിവായ ഗുണഭോക്താവിന്റെ വിഹിതം തിരികെ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. S066/2017

തുക – 306250/-

ബിൽ നം - 1/16-17 തിയ്യതി 15-2-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ, എടത്തിരിത്തി

2016-17 ൽ നടപ്പിലാക്കിയ കന്നുകുട്ടിപരിപാലന പദ്ധതിയിൽ 49 ഗുണഭോക്താക്കളെയാണ്

ഉൾപ്പെടുത്തിയിരുന്നത്. കന്നുകുട്ടിപരിപാലന പദ്ധതിയിൽ കാലിത്തീറ്റ വിതരണം ഏറ്റെടുത്ത എടത്തിരുത്തി ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കാലിത്തീററ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ജോയ്സ്, മണപ്പാട്ട് എന്ന ഗുണഭോക്താവ് കാലിത്തീററ വാങ്ങുന്നത് നിർത്തിയതായി കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി പ്രകാരം ടിയാന് സുഖമില്ലാത്ത കാരണം പശുകുട്ടിയെ നോക്കാൻ സാധിക്കാത്തതിനാൽ കാലിത്തീറ്റ ആവശ്യമില്ല എന്ന് അറിയിക്കുകയുണ്ടായി.

മേൽ ഗുണഭോക്താവ് പദ്ധതിയിൽ തുടരാത്ത സാഹചര്യത്തിൽ പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പദ്ധതി വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 അനിമൽ ബർത്ത്കൺട്രോൾ പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പദ്ധതി നം -S071/2017

അടങ്കൽ - 75000/-

ചെലവ് -75000/-(ബിൽ നം 2/23-3-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ ,എടത്തിരിത്തി

2016-17 സാമ്പത്തിക വർഷത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 75000/-രൂപ 23/3/2017 ൽ കൈമാറിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ഇതുവരെ നടപ്പായിട്ടില്ല എന്നും സ്പിൽ ഓവർ പ്രോജക്ട് ആണെന്നും, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവുതുക 75000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 പൊതുടാപ്പ്-സംയുക്ത പരിശോധന ഫലവത്തായില്ല

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ 1/2017ലെ A5 2633/2006 dt.10/2/2017 ലെ ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 330 പൊതുടാപ്പുകളാണ് ഉള്ളത്. പ്രതിമാസം 144375/- രൂപ വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്.

9.1.2017 ലെ 7-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം 10.1.2017 ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന ആരംഭിക്കുകയും 05/2017 ൽ പൂർത്തിയാക്കുകയും ചെയ്തു. ലഭിച്ച സംയുക്ത പരിശോധന റിപ്പോർട്ടിൽ നിലവിൽ കരം അടയ്ക്കുന്ന ടാപ്പുകളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ചും, സംയുക്ത പരിശോധന കഴിഞ്ഞ് കണ്ടെത്തിയ അനധികൃത ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ചും വ്യക്തത വരുത്തുന്നതിന് രേഖാമൂലം വാട്ടർ അതോറിറ്റിയോട്

ആവശ്യപ്പെട്ടെങ്കിലും ലഭിക്കുകയുണ്ടായില്ല.

ഗ്രാമപഞ്ചായത്തിന്റെയും വാട്ടർ അതോറിറ്റിയുടെയും കണക്കുകൾ കൃത്യമാക്കി ജലലഭ്യതയുള്ള ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുന്നു എന്നുറപ്പുവരുത്തേണ്ടതാണ്.

## 3-8 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 30 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 19 അങ്കണവാടികളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 2 അങ്കണവാടികൾ സ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് (അങ്കണവാടി നം.17, 14). 9 അങ്കണവാടികൾ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 2 അങ്കണവാടികളുടെ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നുണ്ട് (അങ്കണവാടി നം.13, 23). 16.1.2014 ലെ ഗവ. സർക്കുലർ നം. 62671/24/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അങ്കണവാടി കെട്ടിടത്തിനാവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അങ്കണവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. വൈദ്യുതീകരിച്ച 19 അങ്കണവാടികളും വാട്ടർകണക്ഷൻ ഉള്ള 15 അങ്കണവാടികളുമാണുള്ളത്. 18 അങ്കണവാടികൾക്ക് ചുറ്റുമതിലുണ്ട്. എല്ലാ അങ്കണവാടികൾക്കും LPG കണക്ഷൻ ലഭ്യമായിട്ടുണ്ട്. 2017-18 ൽ 28-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

അങ്കണവാടിയുടെ ആവശ്യങ്ങളിൽ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

1)ആയുർവ്വേദം -മരുന്നുവാങ്ങൽ പദ്ധതി

പ്രൊജക്ട് നമ്പർ -S0 74/2017

അടങ്കൽ -587368/-

ചെലവ് -587368 /-

ബിൽ നമ്പർ 2/തിയ്യതി 2.12.2017 -500000/-

ബിൽ നമ്പർ 6 /തിയ്യതി 28.3.20 -87368/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., എടത്തിരുത്തി

2016-17 സാമ്പത്തിക വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഔഷധി-കേരള ഫാർമസ്യൂട്ടിക്കൽസിന് 587368/- രൂപ നൽകി. അതിൽ 42667 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്ട് നമ്പർ – S075/2017

അടങ്കൽ - 330000/-

ചെലവ് – 330000/-

ബിൽ നമ്പർ 3/ തിയ്യതി 30-12-2016-300000/-

ബിൽ നമ്പർ 5/ തിയ്യതി 28-3-2017- 30000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ , പിഎച്ച്സി, എടത്തിരുത്തി

2016-17 സാമ്പത്തിക വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് എൽ.എഫ്.313 തിയ്യതി 21-7-2016 ഇൻവോയ്സ് പ്രകാരം 3,30,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 1,51,664/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 PMAY/IAY വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല

മതിലകം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പി.എം.എ.വൈ പദ്ധതിയ്ക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് വിഹിതം 400000/- രൂപയും ഐ.എ.വൈ പദ്ധതിയ്ക്കായി 600000/-രൂപയും മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് (A/C 11300100005021) നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയത് പ്രകാരം പി.എം.എ.വൈ.യിൽ 180000/-രൂപയുടെയും ഐ.എ.വൈ.യിൽ 540000/- രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം മതിലകം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള തുക ബന്ധപ്പെട്ട അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായും ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തിനൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ബാക്കി തുക 280000 രൂപ തടസ്സപ്പെടുന്നു. (ഓഡിറ്റ് എൻക്വയറി നം. 9/10.10.17)

## 3-11 ആശ്രയ ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ – S0 86/2017

അടങ്കൽ - 600000/-

ചെലവ് – 330000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

2016-17 വർഷത്തിൽ രണ്ട് ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 600000/-രൂപയുടെ പദ്ധതി തയ്യാറാക്കുകയുണ്ടായി. ആയതിൽ സെലീന മാത്തിപ്പറമ്പിൽ എന്നവർക്ക് 210000/- രൂപയും ലീല പാറയിൽ എന്നവർക്ക് 90000/- രൂപ ഉൾപ്പെടെ 330000/- രൂപ 2016-17 വർഷത്തിൽ ധനസഹായം നല്കുകയുണ്ടായി. പദ്ധതി പുരോഗതി സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി പ്രകാരം 2017-18 വർഷത്തിൽ സെലീന എന്നവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ലീല എന്നവരുടെ പ്രവൃത്തി മേൽക്കൂരയുടെ നിർമ്മാണം വരെ പൂർത്തീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9/10.10.17)

## 3-12 ഗാർഹിക ഉറവിട മാലിന്യ സംസ്കരണം (പ്രൊജക്ട് നം.120/17)-പദ്ധതി പൂർത്തീകരിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥ - വി.ഇ.ഒ (ചെന്ത്രാപ്പിന്നി)

അടങ്കൽ - 826700/- (ധനകാര്യകമ്മീഷൻ അവാർഡ്)

91800/- (ഗുണഭോക്തൃ വിഹിതം)

ആകെ – 918000/-

2016-17 ലെ ചെലവ്

1)ട്രഷറി ബിൽ നം. -8/16-17 തി.27.2.17-103400

2)ട്രഷറി ബിൽ നം. -12/16-17 തി.24.3.17-44600

3 )ട്രഷറി ബിൽ നം.-16/16-17 തി.31.3.17-129500

4)NEFT ട്രാൻസ്ഫർ -31/3/17 -18500(ഗുണഭോക്തൃ വിഹിതം)

ആകെ- 296000/-

ശുചിത്വമിഷന്റെ നം. 652/TS16/ഡി.എസ്.എം/2017 തി.24.1.17 ഉത്തരവ് പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 270 റിംഗ് കമ്പോസ്റ്റ്, 243 ബക്കറ്റ് കമ്പോസ്റ്റ് എന്നിവ യഥാക്രമം 2500/-രൂപ, 1000/- രൂപ നിരക്കിൽ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി 31.1.17 ൽ കരാർ ഏർപ്പെടുകയും ചെയ്തു. ഗുണഭോക്തൃവിഹിതം അടവാക്കിയ ഗുണഭോക്താക്കളുടെ ആകെ വിഹിതത്തിന്റെ 20% തുക മുൻകൂറായി സ്ഥാപനത്തിന്

കൈമാറിയിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം 225 ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റിന്റെ ഗുണഭോക്തൃവിഹിതമായ 250/-രൂപ വീതം 56250/-- രൂപയും 185 ഗുണഭോക്താക്കളുടെ ബക്കറ്റ് കമ്പോസ്റ്റിന്റെ ഗുണഭോക്തൃവിഹിതമായ 100/- രൂപ വീതം 18500/- രൂപയും അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ 18500/- രൂപ സ്ഥാപനത്തിന് നൽകുകയും ബാക്കി തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടവാക്കിയവരുടെ ലിസ്റ്റ് സ്ഥാപനത്തിന് കൈമാറിയതിൽ നാളിതുവരെ 57 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റും, 185 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റും സ്ഥാപിച്ചുനൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാങ്കേതികാനുമതി ലഭിച്ച ഉറവിടമാലിന്യ സംസ്കരണ യൂണിറ്റുകളുടെ ഗുണഭോക്തൃവിഹിതം അടവാക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി 2017-18ൽ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വിനിയോഗശേഷം തിരികെ ലഭ്യമായ തുക ട്രഷറിയിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് പ്രൊജക്ട് നിർവ്വഹണത്തിനായി അനുവദിച്ച തുക വിനിയോഗിച്ചതിനു ശേഷം ബാക്കി തുക തിരികെ ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ഡിഡി നം/തിയതി | തുക | നിക്ഷേപിച്ചിരിക്കുന്നത് |
|---|---|---|
| 156841/25.2.16 | 8527 | ജില്ലാ സഹകരണ ബാങ്ക് |
| 645286/22.9.16 | 7941 | ജില്ലാ സഹകരണ ബാങ്ക് |
| ആകെ | 16468 | |

മേൽ തുക തിരികെ ട്രഷറിയിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 4/9.10.17)

## 3-14 ആശ്രയ എസ്.സി ഫ്ലാറ്റ്-ലക്ഷ്യം പൂർത്തീകരിച്ചില്ല.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ചു നൽകിയ ആശ്രയ എസ്.സി. ഫ്ലാറ്റ് 6 ഗുണഭോക്താക്കൾക്ക് താമസത്തിനായി 12.4.17 മുതൽ നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.8.15ലെ തീരുമാനപ്രകാരം 6 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയുണ്ടായി. എന്നാൽ വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ അഭാവം മൂലം യഥാസമയം കെട്ടിടം താമസത്തിനായി നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. പിന്നീട് 2016-17 ൽ ഇവ ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ഗുണഭോക്താക്കൾക്ക് കെട്ടിടം അനുവദിച്ചത്. ആശ്രയ എസ്.സി. ഫ്ലാറ്റിൽ താമസത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

1.അനിത രാമകൃഷ്ണൻ

2.കമല അന്തിക്കാട്ട്

3.രവീന്ദ്രൻ, ഊന്നുങ്ങൽ

4.ഗീത സുമിത്രൻ, മേപ്പറമ്പ്

5.വിനോദൻ, കിഴക്കേപുരയ്ക്കൽ

6.ഉഷ ദിനേഷ്, കാക്കര

26.8.15ൽ ഭരണസമിതി അംഗീകരിച്ച 6 ഗുണഭോക്താക്കളിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള 3 പേർ മാത്രമാണ് താമസത്തിന് പിന്നീട് താല്പര്യം പ്രകടിപ്പിച്ചത്. അതിൽ തന്നെ ക്രമനം. 1, 2 മാത്രമാണ് ആശ്രയ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 4 പേർ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരല്ല. ആശ്രയ പ്രൊജക്ടിൽ ഭവനം ആവശ്യമുള്ള പട്ടികജാതി വിഭാഗക്കാർ ഫ്ലാറ്റിൽ താമസിക്കുന്നതിന് താല്പര്യമില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിലും, തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ആശ്രയയിൽ ഉൾപ്പെടുത്താൻ അനുയോജ്യരാണ് എന്നുള്ള സി.ഡി.എസ്. ചെയർപേഴ്സന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും 10.2.17 ലെ 3(3) എ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞവരെ തെരഞ്ഞെടുക്കുകയായിരുന്നു എന്ന് ഓഡിറ്റ് എൻക്വയറി നം.23നു മറുപടിയായി അറിയിക്കുകയുണ്ടായി.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ഒന്നാംഘട്ടം 2011-12ലും പിന്നീട് 2015-16 ൽ രണ്ടാംഘട്ട പ്രൊജക്ടിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വേ നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സമയത്ത് മേൽ പറഞ്ഞവർ സർവ്വേ നടത്തിയ ലിസ്റ്റിൽ ഉൾപ്പെടാഞ്ഞത് സർവ്വേ കാര്യക്ഷമമായി നടപ്പാക്കിയില്ല എന്നത് വ്യക്തമാക്കുന്നു. ആശ്രയയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിക്ഷിപ്തമാണ്. ഭവനം കൈമാറുമ്പോൾ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 100 രൂപയുടെ മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ആജീവനാന്ത താമസത്തിന് അനുവദിക്കുന്നതിന് വ്യക്തമായ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയ കരാറിന്റെ മാതൃക ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്തിനോട് 6.5.16 ൽ രേഖാമൂലം സെക്രട്ടറി ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.

ആശ്രയ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിൽ സ്ഥലം ആവശ്യമുള്ള പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം ആകെ 5 ഉം, വീട് ആവശ്യമുള്ളവർ 12 ഉം ആണ്. ആയതിൽ 2016-17 വരെ സേവനം ലഭ്യമായവർ സ്ഥലം 1 ഉം, വീട് 4 പേരും മാത്രമാണ്. ആയതു പ്രകാരം വീട് ആവശ്യമുള്ള 8 പേർ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പേ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾ ഫ്ലാറ്റിൽ താമസിക്കാൻ തല്പരരാണോ എന്നത് പരിശോധിച്ചിരുന്നുവെങ്കിൽ ഭീമമായ തുക വിനിയോഗിച്ച് (ഉദ്ഘാടന നോട്ടീസ് പ്രകാരം 50 ലക്ഷം

രൂപ)എസ്.സി. ഫ്ലാറ്റ് നിർമ്മിക്കേണ്ടി വരികയോ, ആശ്രയക്കാർക്ക വേണ്ടി പണിത കെട്ടിടത്തിൽ അതിൽ ഉൾപ്പെടാത്ത വ്യക്തികളെ പാർപ്പിച്ചിരിക്കുകയോ ചെയ്ത നടപടി ഒഴിവാക്കാമായിരുന്നു.

ഓരോ ഗുണഭോക്താക്കൾക്കും പ്രത്യേകം പ്രത്യേകം സ്ഥലവും വീടും ലഭ്യമാക്കാനുള്ള നടപടികൾ ഏറ്റെടുത്തിരുന്നുവെങ്കിൽ ഇതിലും കുറഞ്ഞ തുകയിൽ ഓരോരുത്തരേയും പുനരധിവസിപ്പിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നു. ആശ്രയയിൽ ഉൾപ്പെട്ടവർക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ മറ്റു ഗുണഭോക്താക്കൾക്കും അനുവദിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം സർക്കാർ/ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാക്കേണ്ടതും, വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം ആജീവനാന്ത താമസത്തിന് ഫ്ലാറ്റ് അനുവദിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 23/12.10.17)

## 3-15 ആശ്രയ-അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചിരിക്കുന്നത് 15,52,806/-

2016-17 സാമ്പത്തികവർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം, മരുന്നുവിതരണത്തിനായി ചലഞ്ച് ഫണ്ട് ഇനത്തിൽ 29.9.16ൽ 3,33,333/- രൂപ സി.ഡി.എസ്., എടത്തിരുത്തിക്ക് അനുവദിച്ചിട്ടുണ്ട്. മേൽ തുക എടത്തിരുത്തി സർവ്വീസ് സഹകരണബാങ്കിലെ ആശ്രയ അക്കൗണ്ടിൽ (a/c no.4093) വരവു വെച്ചിട്ടുണ്ട്.

ആശ്രയ അക്കൗണ്ടിൽ 1.4.16ൽ മുന്നിരിപ്പായി 13,78,396/-രൂപയും, 31.3.17ലെ നീക്കിയിരിപ്പായി 15,69,100/- രൂപയും ഉണ്ട്. 14.8.17ൽ ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പായി 15,52,806/- രൂപ നിലനിൽക്കുന്നു.

ആശ്രയ ഒന്നാംഘട്ടം, രണ്ടാംഘട്ടം പ്രൊജക്ടിലെ ഗുണഭോക്താക്കളിൽ സേവനം ആവശ്യമുള്ള ഗുണഭോക്താക്കൾ ഉണ്ടായിട്ടും പദ്ധതിപണം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ശരിയല്ല. അക്കൗണ്ടിലുള്ള തുകയിൽ പ്ലാൻ ഫണ്ടിനത്തിൽ 3,01,025/- രൂപയും, ചലഞ്ച് ഫണ്ട് ഇനത്തിൽ 8,97,397/-രൂപയും, നാളിതുവരെ ലഭിച്ച പലിശ 3,45,531/- രൂപയും ഉൾപ്പെടുന്നു. ആശ്രയയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് തുക വിനിയോഗിക്കേണ്ടതും അല്ലാത്ത പക്ഷം പ്ലാൻഫണ്ട് വിഹിതം തിരികെ അടവാക്കേണ്ടതുമാണ്.

## 3-16 തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത അംഗൻവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2016-17 ൽ വാർഡ് 4 ലെ അംഗൻവാടി കെട്ടിടം 23, വാർഡ് 7 ലെ അംഗൻവാടി നം.13 എന്നിവയുടെ കെട്ടിടനിർമ്മാണം ഏറ്റെടുത്തിരുന്നു. 30.5.16 ൽ MR No.6504/AV/924, MR No.6504/AV/812 പ്രകാരം 10,00,000/- രൂപ വീതം സാങ്കേതികാനുമതി ലഭിച്ചിരുന്നു. തൊഴിലുറപ്പ് ഫണ്ട് കൂടാതെ ജില്ലാപഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ ഫണ്ട് വിഹിതം കൂടി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിലും, തൻവർഷത്തിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| അംഗൻവാടി നം. | നാളിതുവരെ ചെലവ് | പൂർത്തീകരിച്ച പ്രവൃത്തി |
|---|---|---|
| 13 | 126930/- | തറപ്പണി |
| 23 | 191922/- | സൺഷേഡ് നിർമ്മാണം |

പ്രവൃത്തിയുടെ ഭാഗമായി ഉപയോഗിച്ച മെറ്റീരിയലുകളുടെ തുകയും വിദഗ്ധ തൊഴിലാളികളുടെ വേതനവും യഥാസമയം ലഭ്യമല്ലാത്തതിനാലാണ് പ്രവൃത്തിയുടെ നിർവ്വഹണം നീണ്ടു പോകുന്നതെന്ന് ഓഡിറ്റ് എൻക്വയറി നം. 20 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 കെട്ടിട നിർമ്മാണ പെർമിറ്റ് - ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റ തവണ നികുതി നിർണ്ണയിക്കൽ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകേണ്ടതാണെന്ന് സർക്കുലർ നം.80/ആർഡി.1/16/തസ്വഭവ തീ.09.09.16 നിഷ്കർഷിക്കുന്നു. എന്നാൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.

## 3-18 ട്രഷറി ബിൽ ബുക്ക് പ്രകാരം ചെലവുവന്ന തുക ചെലവു പത്രികയിൽ വന്നിട്ടില്ല - ട്രഷറിയിൽനിന്നും Non-Payment സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'VEO ഓഫീസ്, കുടുംബശ്രീ ഓഫീസ്, ലൈബ്രറി മെയിന്റനൻസ്' (ടാ 112/17), അങ്കണവാടി നം.15, 2, 22 മെയിന്റനൻസ്' (ടാ 132/17)' എന്നീ പദ്ധതികൾ പ്രകാരം ചെലഴിച്ച തുകകൾ താഴെ ചേർക്കുന്നു.

| പദ്ധതി | ട്രഷറിബിൽ/തുക |
|---|---|
| VEO ഓഫീസ്, കുടുംബശ്രീ ഓഫീസ്, ലൈബ്രറി മെയിന്റനൻസ് | 1)19/16-17 തീ.30.03.17 Rs.1,00,000<br>2)20/16-17 തീ.30.03.17 Rs.1,00,000 |

| | |
|---|---|
| അങ്കണവാടി നം.15, 2, 22 മെയിന്റനൻസ് | 1)24/16-17 തീ.31.03.17<br>Rs.4,10,000 |

ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽനിന്നും ബിൽ നം.19,20 എന്നിവ യഥാക്രമം 30.03.17, 31.03.17 എന്നീ തീയ്യതികളിൽ പാസ്സായതായി കാണുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു പത്രിക (സുലേഖ) പരിശോധിച്ചതിൽനിന്നും മേൽ തുകകൾ ചെലവായി വന്നിട്ടില്ല. ഈ സാഹചര്യത്തിൽ ട്രഷറി ബിൽ ബുക്കിൽ ചെലവു വരികയും, എന്നാൽ ചെലവു പത്രിക പ്രകാരം ചെലവു വരാതിരിക്കുകയും ചെയ്യാത്ത സാഹചര്യത്തിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16) നൽകിയതിന് ട്രഷറിയിലെ അപാകതകൾ മൂലം കരാറുകാരുടെ അക്കൗണ്ടിലേക്ക് തുക എത്താതിരിക്കുകയും അതിനെ തുടർന്ന് കരാറുകാർക്ക് തുക നൽകുന്നതിനായി 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറാക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ട്രഷറി ബിൽ പ്രകാരം ചെലവു വന്നിട്ടുള്ള സാഹചര്യത്തിൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽനിന്നും ചെലവു വന്നിട്ടില്ല എന്നുറപ്പാക്കുന്നതിനായി ട്രഷറിയിൽ നിന്നും വാങ്ങിയ Non-payment Certificate ഹാജരാക്കേണ്ടതാണ്.

## 3-19 പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ - സമഗ്ര വികസനമെന്ന പൊതു സമീപനത്തിന്റെ അഭാവം.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് ഫില്ലിങ്ങ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ | തുക₹ |
|---|---|---|---|
| 1 | ചിറക്കൽ ചെറുപുഴ സർദാർലിങ്ക് റോഡ് ബാക്കിഭാഗം ഫില്ലിങ്ങ് & സോളിങ്ങ് (so 099/17) | 1/16-17 തീ.31.01.17 | 2,99,825 |
| 2 | ISRO റോഡ് ഫില്ലിങ്ങ് - വാർഡ് 17 | 2/16-17 തീ.31.01.17 | 1,99,905 |
| 3 | കരിപ്പതോട് റോഡ് ഫില്ലിങ്ങ് & സോളിങ്ങ് -വാർഡ് 4 | 8/16-17 തീ.20.03.17 | 2,59,266 |
| 4 | പി.ബി.റോഡ് ഫില്ലിങ്ങ് വാർഡ്-9 | 9/16-17 തീ.20.03.17 | 1,59,259 |
| 5 | സുഗതൻ റോഡ് ഫില്ലിങ്ങ് വാർഡ്-13 | 10/16-17 തീ.20.03.17 | 2,45,872 |
| 6 | ശ്രീ കുമാരമംഗലം റോഡ് ഫില്ലിങ്ങ് & സോളിങ്ങ് ബാക്കിഭാഗം, വാർഡ് - 13 | 11/16-17 തീ.20.03.17 | 1,71,263 |

| | | | |
|---|---|---|---|
| 7 | വില്ലേജ് ലിങ്ക്റോഡ് ഫില്ലിങ്ങ് | 22/16-17<br>തീ.31.03.17 | 73,884 |

ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട നടപ്പാതകളും ഗതാഗത സൗകര്യങ്ങളും ഒരുക്കുകയെന്നത് 2016-17 വർഷത്തെ മാർഗ്ഗരേഖയനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണനനൽകേണ്ട മേഖലയാണ്. എന്നാൽ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളിൽ റോഡുകൾ പൂർണ്ണതോതിൽ സജ്ജമാക്കി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്കുപകരം വിവിധ വാർഡുകളിലുള്ള 7 റോഡുകൾ ഫില്ലിങ്ങും സോളിങ്ങും നടത്തുകയാണുണ്ടായിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വികസന ആസൂത്രണമല്ലെന്നും അങ്ങനെ ചെയ്യുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നും അതിനാൽ തദ്ദേശസ്വയംഭരണ സ്ഥപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പരിപാടികളാണ് ഓരോ മേഖലയിലും തയ്യാറാക്കേണ്ടതെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം ശരിയായി പാലിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | 72/17 സാന്ത്വന പരിചരണപദ്ധതി | 100000 | 0 |
| | 2016-17 | 140100 | 139/17 തണൽ പദ്ധതി | 140100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 149799 | 124/17 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 149799 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഇകെസി റോഡ് മുതൽ തേവർ റോഡ് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600892,തി.20.12.2016 | 25000 | 0 | 25000 |

| | | | | | |
|---|---|---|---|---|---|
| | (വാർഡ് 2) | | | | |
| കേരള വാട്ടർ അതോറിറ്റി | 113/17-വാർഡ് 4,14ൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനം, പൊതുടാപ്പ് സ്ഥാപിക്കലും (കമ്മായി റോഡ് & കൊറ്റായി റോഡ് | 21600891, തി.25.11.2016 | 115000 | 0 | 115000 |
| കേരള വാട്ടർ അതോറിറ്റി | 114/17 – വള്ളുവന്തറ-പൈന്നൂർ വാട്ടർ കണക്ഷൻ | 21601131, തി.9.3.2017 | 260000 | 0 | 260000 |
| കേരള വാട്ടർ അതോറിറ്റി | advance to KWA Res. No. 31.3.2013-9th-Near Tayyil Puthuvayil Kshethram road 2 | 21300758,തി.13.12.2013 | 21000 | 0 | 21000 |
| കേരള വാട്ടർ അതോറിറ്റി | 117/17- വാർഡ് 4, 6, 14 എന്നിവയിൽ പൈപ്പ് ലൈൻ ഇടലും, പൊതുടാപ്പ് മാറ്റി സ്ഥാപിക്കലും | 21600977,തി.02.02.2017 | 61000 | 61000 | 0 |
| കേരള വാട്ടർ അതോറിറ്റി | 161/17-പൈപ്പ് ലൈൻ എക്സ്റ്റൻഷനം, പൊതുടാപ്പ് സ്ഥാപിക്കലും | 21601386, തി.31.3.2017 | 135000 | 135000 | 0 |
| കേരള വാട്ടർ അതോറിറ്റി | 163/17 – പപ്പടം കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 15) | 21601131,തി.28.03.2017 | 35000 | 35000 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 134/17 – സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21601233, തി.21.3.2017 | 63600 | 63600 | 0 |
| കെ.എസ്.ഇ.ബി. | 144/17 – സ്ട്രീറ്റ് മെയിൻ ഇല്ലാത്ത വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 21601235,തി.21.3.2017, 21601254,തി.25.03.2017, 21601254, തി.31.3.2017 | 1972690 | 0 | 1972690 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 41500272,തി. 31.3.2016 | 130060 | 0 | 130060 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | | 7241 | 0 | 7241 |
| കെ.എസ്.ഇ.ബി. | അങ്കണവാടി വൈദ്യുതീകരണം (അങ്കണവാടി നം.11) | 21300917,തി. 01.02.2014 | 25159 | 0 | 25159 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക അനുവദിച്ചിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2(3) | 180 | സുവർണ്ണൻ എടശ്ശേരി | 11601104211/8.12.2016 |
| 2015-16 | 2(3) | 173 | ആഷ | 11601104221/8.12.16 |
| 2015-16 | 2(3) | 185 | ഷാജി മോൾ | 11601104222/8.12.16 |
| 2015-16 | 2(3) | 156 | അബ്ബാസ് | 1160111233/8.12.2016 |
| 2015-16 | 2(3) | 172 | പുഷ്പാംഗദൻ | 11601104237/8.12.2016 |
| 2015-16 | 2(3) | 171 | രാജൻ, മലയാറ്റിൽ | 1160111104274/8.12.2016 |
| 2015-16 | 2(3) | 154 | ശാന്ത | 11601104292/9.12.2016 |

| | | | | |
|---|---|---|---|---|
| 2015-16 | 2(3) | 178 | സിനിൽ പോവൽ | 11601104633/20.12.2016 |
| 2015-16 | 2(3) | 170 | അരുൺ സിദ്ധാർത്ഥൻ | 11601105028/4.1.2017 |
| 2015-16 | 2(3) | 190 | ഷാമോൻ ബാലൻ | 11601105028/4.1.2017 |
| 2015-16 | 2(3) | 154 | പുഷ്പലത | 11601106871/27.3.2017 |
| 2015-16 | 2(3) | 184 | പൊറിഞ്ചു പൗലോസ് | 11601106921/28.3.2017 |
| 2015-16 | 2(3) | 170 | അരവിന്ദാക്ഷൻ കൃഷ്ണൻ | 11601106982/30.3.2017 |
| 2015-16 | 2(3) | 187 | ശ്രീനിവാസൻ മുരളീധരൻ | 11601106987/30.3.2017 |
| 2015-16 | 2(3) | 62 | റഷീദ് നസീമ | 11601107000/30.3.2017 |
| 2015-16 | 2(3) | 160 | റഷീദ് നസീമ | 11601107001/30.3.2017 |
| 2015-16 | 2(3) | 37 | അബ്ദുൾ ഖാദർ | 11601107022/30.3.2017 |
| 2015-16 | 2(3) | 212 | മുഹമ്മദ് ബഷീർ | 11601107023/30.3.2017 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52828357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47411990 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3337053 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2982053 | പി.വൈ.സാജിത, സെക്രട്ടറി |
| 3-6 | 75000 | ഡോ.സന്തോഷ്. എൻ.കെ., വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-10 | 280000 | സി.എൻ. ഷിനിൽ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽഎഫ്.ടി.എസ്2-1469/11/ 20.10.11/1.2.12 |
| 1981-82 | “ |
| 1982-83 | “ |
| 1983-84 | “ |
| 1984-85 | “ |
| 1985-86 | “ |
| 1986-87 & 1987-88 | “ |
| 1988-89, 89-90 & 1990-91 | “ |
| 1991-92 | “ |
| 1992-93 & 1993-94 | എൽഎഫ്.ടി.എസ്2-1469/11/ 20.10.11/1.2.12 |
| 1996-97 | എൽ.എഫ്.ടിപി 3-42/14 തീ.3.4.2014 |
| 1997-98 | |
| 1998-99 | |
| 99-2000 ചെലവ് | |
| 99-2000 വരവ് | |
| 2000-01 | |
| 2000-01, 01-02 പ്ലാൻ | |

| | |
|---|---|
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 05-06 | എൽ.എഫ്.ടി12-1761/09/24-9-2010 |
| 06-07 | എൽ.എഫ്.ടി12-1762/09/24-09-2010 |
| 07-08 | എൽ.എഫ്.ടി12-853/11/29-11-11 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ടി.പി.3-1346/12/ 5-11-12/12-03-13 |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13/ 17-01-14/12-03-14 |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014/ 3-9-14/9-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16 /11.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 2180/16/ 28.01.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി3)1689/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 24.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No. KSA-TSR(P3)1689/17

Kerala State Audit Department

District Audit Office, Thrissur

PIN- 680 020, Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 24.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Edathiruthi Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Edathiruthi Gramapanchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Thrissur.